(ബി) 1998-ലെ അവാർഡു നിർണ്ണയത്തിനുള്ള കമ്മിറ്റിയംഗങ്ങളും അവരുടെ യോഗ്യതകളും ചുവടെ ചേർക്കുന്നു.

(1) ശ്രീ. ബാലുമഹേന്ദ്ര (ചെയർമാൻ) - ദേശീയ അവാർഡുകൾ നേടിയിട്ടുള്ള സിനിമാ സംവിധായകൻ മലയാളത്തിലും ചിത്രങ്ങൾ സംവിധാനം ചെയ്യുന്നുണ്ട്. നാഷണൽ ജൂറി ചെയർമാനായിരുന്നു.

(2) ശ്രീ. മോഹൻ (മെമ്പർ) - വിടപറയും മുമ്പേ, രണ്ട് പെൺകുട്ടികൾ, പക്ഷേ തുടങ്ങിയ നിരവധി പ്രസിദ്ധ ചിത്രങ്ങളുടെ സംവിധായകൻ.

(3) രഘുനാഥ് പലേരി - ഒന്നുമുതൽ പൂജ്യംവരെ, വിസ്മയം, എന്നീ ചിത്രങ്ങളുടെ സംവിധായകൻ കൂടാതെ പ്രസിദ്ധനായ തിരക്കഥാകൃത്ത്.

(4) ശ്രീ. എ.റ്റി. ഉമ്മർ - എഴുപതുകളിലേയ്ക്കും എൺപതുകളിലേയ്ക്കും ഏറ്റവും പ്രസിദ്ധമായ സംഗീത സംവിധായകരിൽ ഒരാൾ.

(5) ശ്രീമതി രേണു സലൂജ - പലതവണ മികച്ച എഡിറ്റർക്കുള്ള നാഷണൽ അവാർഡു ലഭിച്ചിട്ടുള്ളവർ.

(6) ശ്രീ. സി.പി. പത്മകുമാർ - സമ്മോഹനം, എന്ന പ്രഗത്ഭ ചിത്രത്തിന്റെ സംവിധായകൻ.

(7) ശ്രീ. ഒ.കെ. ജോണി - ടാപ്പ്, സൈലന്റ് സ്ക്രീൻ എന്നീ അവാർഡുകൾ ലഭിച്ച ചിത്രങ്ങളുടെ സംവിധായകൻ.

(സി) ജൂറി അംഗങ്ങൾ ചലച്ചിത്ര കലയിൽ പ്രാവീണ്യം നേടിയിട്ടുള്ളവരും ദൃശ്യമാധ്യമരംഗത്ത് അറിയപ്പെടുന്നവരും ആയിരിക്കണം.

(ഡി) ടി.വി. സീരിയലുകൾക്ക് അവാർഡ് നിർണ്ണയിക്കുന്നത് ദൃശ്യമാധ്യമ രംഗത്ത് പ്രഗത്ഭസമതികൾ ഉൾപ്പെടുന്ന ഒമ്പത് പേരുള്ള ഒരു ജൂറിയാണ്. ബീറ്റായുമാറ്റിക് എന്നീ ഫോർമാറ്റുകളിലുള്ള കാസറ്റുകൾ സ്ക്രീൻ ചെയ്തു കണ്ടിട്ടാണ് ടി.വി. അവാർഡുകൾ നിർണ്ണയിക്കുന്നത്. സിനിമയെ സംബന്ധിക്കുന്ന പുസ്തകങ്ങൾക്കുള്ള അവാർഡു നിർണ്ണയിക്കുന്നതു സാഹിത്യത്തിലും പ്രാവിണ്യമുള്ള പ്രത്യേക ജൂറിയാണ്.

19 (1657) നാടൻ കലകളെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ നാടൻ കലകളുടെ പ്രോത്സാഹനത്തിനായി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) സംസ്ഥാനത്ത് നിലവിലുള്ള പ്രധാനപ്പെട്ട നാടൻ കലകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയെ ചിട്ടപ്പെടുത്തി ഇവയ്ക്ക് ഒരടിസ്ഥാനമുണ്ടാക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നാടൻ കലകൾ പരിപോഷിപ്പിക്കുന്നതിനായി കണ്ണൂർ സംസ്ഥാനമായി കേരള ഫോക്‌ലോർ അക്കാദമി പ്രവർത്തിക്കുന്നുണ്ട്. ഇത് സർക്കാരിന്റെ ഒരു ഗ്രാന്റ് എയിഡ് സ്ഥാപനമാണ്.

നാടൻ കലാസംഗമങ്ങൾ, നാടൻ കലാകാരന്മാരെ ആദരിക്കൽ, യുവകലാകാരന്മാർക്ക് അതത് കലകളിൽ വിദഗ്ദ്ധ പരിശീലനം നൽകൽ, നാടൻ കലാമേളകൾ, നാടൻ കലകൾ അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പന്റ്, കലാകാരന്മാർക്ക് രോഗ ചികിത്സാസഹായം എന്നീ പദ്ധതികൾ ഫോക്‌ലോർ അക്കാദമി നടപ്പിലാക്കിവരുന്നു.

(ബി) തെയ്യം, തിറ, പടയണി, മുടിയേറ്റ്, കാക്കാരശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, പുള്ളുവൻപാട്ട്, ആദിവാസി നൃത്തങ്ങൾ, മാർഗ്ഗംകളി, ദഫ്മുട്ട്, അറബനമുട്ട്, ഒപ്പന, കളമെഴുത്തും പാട്ട്, കോമാമൂരി അർജ്ജുന നൃത്തം, മയിൽപ്പീലിയാട്ടം മുട്ടും വിളിയും, കുത്തിയോട്ടം, വേലകളി തുടങ്ങിയവ.

(സി)&(ഡി) സർക്കാർ സാമ്പത്തിക സഹായത്തോടെ കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള ഫോക്‌ലോർ അക്കാദമി "സ്കൂൾ ഓഫ് ഫോക് ആർട്ട്സ് ആന്റ് ക്രാഫ്റ്റ്സ്" എന്ന പേരിൽ ഒരു പരിശീലന സ്ഥാപനം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

20 (1658) കലാകാരന്മാർക്ക് പെൻഷൻ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പാലോട് രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര കലാകാരന്മാർക്ക് പെൻഷൻ നൽകിയിരുന്നു;

(ബി) ഇപ്പോൾ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്;

(സി) ഈ പെൻഷന്റെ തുക തീരുമാനിച്ചതെന്താണ്;

(ഡി) ഇത് വർദ്ധിപ്പിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാന പദ്ധതി പ്രകാരം കലാകാരപെൻഷൻ 1500 പേർക്കായി നിജപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ മരണമടയുന്നതനുസരിച്ച് പുതിയ അപേക്ഷകൾ ക്ഷണിക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഒഴിവ് നികത്തുകയും ചെയ്യുന്നു. ഇപ്രകാരം പുതുതായി 335 കലാകാരന്മാർക്ക് കൂടി 1.4.1997 മുതൽ ധനസഹായം അനുവദിച്ചുവരുന്നു.

(സി) സംസ്ഥാന പദ്ധതി പ്രകാരം പ്രതിമാസം 300/- രൂപ നിരക്കിൽ നൽകി വരുന്ന ധനസഹായം 1.1.98 മുതൽ 400/- രൂപയായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly